ഇ.എം.(5) 8955/2017

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 26.12.2017.

**സർക്കുലർ നമ്പർ. 56 /2017**

വിഷയം: സഹകരണ വകുപ്പ്– സംസ്ഥാന–ജില്ല സഹകരണ ബാങ്കുകളെ ഇ.പി.എഫ് ആക്ടിലെ വകുപ്പ് 17(1C) പ്രകാരം ഒഴിവാക്കൽ ഉത്തരവ് നേടുന്നതിന് ആവശ്യമായ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ 26.5.2009 ലെ കെ.ആർ/ആർ.ഒ/ഇ.എൻ.എഫ്1(8)09/1142 നമ്പർ ഉത്തരവ്
2. സർക്കാരിന്റെ 30.6.2009 ലെ ജി.ഒ(എം.എസ്)നം.81/2009/ എൽ.ബി.ആർ നമ്പർ ഉത്തരവ്
3. പെൻഷൻ ബോർഡ് സെക്രട്ടറിയുടെ 2.11.2017 ലെ പി.ബി./എൽ.ഒ/5317/2017 നം. കത്ത്.
4. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 13.10.2017 ലെ ഡബ്ലിയു.എ.നം.13/16 നമ്പർ വിധിന്യായം
5. സർക്കാരിന്റെ 26.11.2017 ലെ സഹ.എ.3/447/2017/സഹ.നം. കത്ത്

.....

സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളേയും, ഇ.പി.എഫ് ന്റെ പരിധിയിൽ നിന്നും 1.4.2005 മുതൽ 1952 ലെ ഇ.പി.എഫ് & എം.പി. ആക്ട് വകുപ്പ് 16(1) (ബി)പ്രകാരം ഒഴിവാക്കി കൊണ്ട് സൂചന (1) പ്രകാരം ഉത്തരവാകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സൂചന (2) പ്രകാരം ടി ബാങ്കുകളെ ടി ആക്ടിന്റെ പരിധിയിൽ നിന്നു ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുകയും ചെയ്തു. ആയതിനെതിരെ സംസ്ഥാന/ജില്ല സഹകരണ ബാങ്കുകളിലെ ജീവനക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ലിയു.പി.(സി)9970/2008 മുതൽ നിരവധി കേസുകളിലെ 31.1.2012 ലെ പൊതു വിധിന്യായത്തിൽ സൂചന (1), (2) ഉത്തരവുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മേൽ വിധിന്യായത്തിൽ ഏതെങ്കിലും ഒരു സ്ഥാപനമോ, സ്ഥാപനങ്ങളോ ഇ.പി.എഫ് ആക്ടിലെ വകുപ്പ് 17(1C) പ്രകാരം ഇളവനുവാദത്തിന് പുതുതായി അപേക്ഷിക്കുന്നതിന് ഈ വിധിന്യായം തടസ്സമാകുന്നതല്ല എന്നും സ്വാശ്രയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളതും, അതിൽ നിന്നും പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നതുമായ ജീവനക്കാരെ കോടതി വിധി ബാധിക്കുകയില്ല എന്നും പരാമർശിച്ചിട്ടുണ്ട്.

ഇ.പി.എഫ് സ്കീം 1995 ലെ ക്ലാസ് 39 ൽ സംസ്ഥാന-ജില്ല സഹകരണ ബാങ്കുകൾ ഇ.പി.എഫ് ൽ നിന്നും ഇളവ് ലഭിക്കുന്നതിന് റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടി പാലിക്കാതെയാണ് സൂചന (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരുടെ പെൻഷൻ ഫണ്ട് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിലേക്ക് മാറ്റുന്നതിന് സൂചന (4) പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഇ.പി.എഫ് ൽ നിന്നും ഇളവ് ലഭിക്കുന്നതിന് റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ മുഖേന ലേബർ ആന്റ് സ്കിൽസ് വകുപ്പിൽ അപേക്ഷ സമർപ്പിക്കുവാൻ സംസ്ഥാന സഹകരണ ബാങ്കിനും, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകുവാൻ സൂചന (5) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ ഇ.പി.എഫ് ൽ നിന്നും ഇളവ് ലഭിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കും, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും, ഭരണസമിതി തീരുമാനമെടുത്ത് റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ മുഖേന സർക്കാരിന്റെ ലേബർ & സ്കിൽസ് വകുപ്പിൽ അടിയന്തിരമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം പാലിക്കുന്നുണ്ടെന്നു ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്

സഹകരണ സംഘം രജിസ്ട്രാർ ഇൻ ചാർജ്ജ്.

പകർപ്പ്

1. സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ
2. എല്ലാ ജില്ലാ സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റർമാർക്കും
3. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർക്കും
4. സഹകരണ ആഡിറ്റ് ഡയറക്ടർ
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
6. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
7. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന
9. എഡിറ്റർ, സഹകരണ വീഥി
10. എഡിറ്റർ, സഹകരണ ജേർണൽ
11. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.